# THRISSUR CITY POLICE

മൂന്നുദിവസമായി ജില്ലയിൽ നടന്നുവന്നിരുന്ന കുഞ്ഞേ നിനക്കായ് പോക്സൊ ബോധവത്കരണ കാമ്പയിന് സമാപനം. 28 മുതൽ 30വരെയാണ് കാമ്പയിൻ നടന്നത്. കുട്ടികൾക്ക് നേരെയുള്ള ചൂഷണം തടയുക, കുട്ടിത്തം കശാപ്പു നടത്തിയ ബോധവത്കരണ മാണിത്.

ശക്തൻ ബസ്സ് സ്റ്റാൻഡിൽ നടന്ന സമാപനസമ്മേളനം സിറ്റി എ.സി.പി വി.കെ രാജു ഉദ്ഘാടനം ചെയ്തു. ഈസ്റ്റ് സി.ഐ പി.പി ജോയ് അധ്യക്ഷനായി. തുടർന്ന് പോലീസ് ടീം, സെന്റ് മേരീസ് കോളേജ് എന്നിവരുടെ ഫ്ലാഷ്മോബ്, വിമല കോളേജ് സോഷ്യൽ വർക്കർ വിദ്യാർത്ഥികൾ അവതരിപ്പിച്ച സാമൂഹിക നാടകം എന്നിവ നടന്നു. പോലീസ് പുറത്തിറക്കിയ നിയമ ബോധവത്കരണ വീഡിയോ, സ്കൂൾ ഓഫ് ഡ്രാമ ഒന്നാം വർഷ വിദ്യാർത്ഥികൾ ജില്ലയിലുടനീളം പ്രദർശിപ്പിച്ച തെരുവ് നാടകവും അരങ്ങേറി.

ബോധവത്കരണ ഭാഗമായി ജില്ലയിൽ മണ്ണുത്തി, ചാവക്കാട്, വടക്കേക്കാട്, പെരുമ്പിലാവ് കേന്ദ്രങ്ങളിൽ ഈ തെരുവ് നാടകം നടന്നു.

കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾക്കെതിരെ സമൂഹം പ്രതികരിക്കേണ്ട ബോധ്യത വെളിവാക്കുന്ന സ്കിറ്റിന് വൻ വരവേൽപ്പാണ് എവിടെയും ലഭിച്ചത്. പാട്ടും, പഠനവും സമ്മിശ്രമാക്കി കളിച്ച നാടകത്തിൽ 27 വിദ്യാർത്ഥികളാണ് അരങ്ങിലെത്തിയത്.

വിവിധ പരിപാടികൾക്ക് പോലീസിനൊപ്പം ചേർന്ന കലാലയങ്ങൾക്ക് പുരസ്കാരവും, പങ്കാളികളായ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകളും ചടങ്ങിൽ വിതരണം ചെയ്തു.

https://www.thrissurcitypolice.gov.in
https://facebook.com/thrissurcitypolice